**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **16.05.2017 - ൽ**
---|---
**ചോദ്യം നമ്പർ: 3939** | **മറുപടിക്ക്**

**കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി സി.കെ. ആശ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| **എ)** കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സ്ഥാപിതമായതെന്നാണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | **എ)** 24/05/2000- ൽ ആണ് തൃശ്ശൂർ ആസ്ഥാനമായി കേരള വിത്ത് വികസന അതോറിറ്റി 1955 ലെ തിരുവിതാംകൂർ കൊച്ചി ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തത്. കേരളത്തിന്റെ പ്രധാന ഭക്ഷ്യവിളയായ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും, ഉല്പാദനക്ഷമത കൂട്ടി മൊത്തം ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും. തദ്വാര ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് വിത്തിന്റെ ഉല്പാദനം, സംസ്കരണം, വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന വിത്ത് വകസന അതോറിറ്റി പ്രവർത്തിക്കുന്നത്. |
| **ബി)** കേരളത്തിൽ ഒരു വർഷം ആവശ്യമായ വിത്തിന്റെ എത്ര ശതമാനമാണ് വിത്ത് വികസന അതോറിറ്റി മുഖേന വിതരണം ചെയ്യുന്നത്; | **ബി)** 50 - 60 % |
| **സി)** എത്ര ഹെക്ടറിലാണ് രജിസ്റ്റേർഡ് വിത്ത് ഉല്പാദനം നടക്കുന്നതെന്ന് അറിയിക്കുമോ? | **സി)** 2017-18 വർഷം 2500 ഹെക്ടറിലാണ് രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**